# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3621 | 17.12.2015-ലെ മറുപടിയ്ക്ക് |
|---|---|

## അദാനി പോർട്സും ക്വാറി ക്രഷ് കമ്പനികളുമായുള്ള കരാർ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ഡോ.ടി.എം.തോമസ് ഐസക് | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയായ അദാനി പോർട്സും തിരുവനന്തപുരം ജില്ലയിലെ മുക്കുന്നിമലയിൽ പ്രവർത്തിക്കുന്ന വൻകിട ക്വാറി ക്രഷ് കമ്പനികളും തമ്മിൽ പദ്ധതിക്കാവശ്യമായ ഗ്രാനൈറ്റ് എത്തിക്കുന്നതിനുള്ള കരാറിൽ ഏർപ്പെട്ടിട്ടുള്ളതായി ടാക്സസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | വില്പന നികുതി ഇനത്തിൽ സർക്കാർ ഖജനാവിലേക്ക് വരേണ്ട റവന്യൂ നഷ്ടപ്പെടുന്ന നിലയിൽ കോമ്പൗണ്ടിംഗ് നികുതി തുടരാൻ നീക്കം നടക്കുന്നതായി അറിയാമോ ; | (ബി) & (സി) | 2014-15 ൽ മെറ്റൽ ക്രഷർ കോമ്പൗണ്ടിംഗിന്റെ നികുതി നിരക്ക് ഇരട്ടിയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ മാന്യുഫാക്ച്വേർഡ് സാൻഡ് ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾക്കുകൂടി കോമ്പൗണ്ടിംഗ് രീതിയിൽ നികുതി ഒടുക്കുവാൻ 2014 ലെ ധനകാര്യ നിയമപ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. വലിയ ബ്ലോക്കുകളായുള്ള പാറക്കഷണങ്ങളുടെ വില്പന കോമ്പൗണ്ടിംഗിന്റെ പരിധിയിൽപ്പെട്ടു കയില്ല. ഇവയ്ക്ക് കേരള മൂല്യ വർദ്ധിത നികുതി നിയമത്തിന്റെ 6-ാം വകുപ്പ് പ്രകാരമുള്ള നികുതി നിരക്കാവും ബാധകമാവുക. ഇതിൽ കോമ്പൗണ്ടിംഗ് നികുതി നിരക്കിൽ നികുതി അടക്കുവാൻ നീക്കം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ബന്ധപ്പെട്ട കമ്പനികൾ ഖനനം ചെയ്യുന്ന ഗ്രാനൈറ്റിന് 12.5 ശതമാനം നിരക്കിൽ തന്നെ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | | |

| | | | |
|---|---|---|---|
| (ഡി) | കൃത്യമായി നികുതി ഈടാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കുമോ ; | (ഡി) | നികുതി നിർവ്വഹണത്തിൽ കൃത്യവിലോപം നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാറുണ്ട്. |
| (ഇ) | അദാനിയുമായുള്ള ഖനന കരാർ തയ്യാറാക്കിയത് ഗ്രാനൈറ്റിന് നികുതി ഉൾപ്പെടെയുള്ള തുക കണക്കാക്കിക്കൊണ്ടാണെന്നത് അറിയാമോ ? | (ഇ) | അദാനിയുമായി ഖനനം സംബന്ധിച്ചുള്ള ഒരു കരാറിലും സർക്കാർ ഏർപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ